നം. സി.ഇ.ഇ/5500/2017/KEAM-2018/റ്റി.എ.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2018-ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി യോഗ്യതാ പരീക്ഷയിലെ മാർക്കും നാറ്റാ സ്കോറും സമർപ്പിക്കുന്നതിനുള്ള വെബ്സൈറ്റ് സൗകര്യം സംബന്ധിച്ച്

കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ നാറ്റാ-2018 അഭിരുചി പരീക്ഷയുടെ ഫലപ്രഖ്യാപനം 04.06.2018-ലേയ്ക്ക് നീട്ടിയിട്ടുള്ളതിനാൽ 2018 ലെ ആർക്കിടെക്ചർ (ബി.ആർക്ക്) പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് അപേക്ഷകർക്ക് യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കും നാറ്റാ-2018 സ്കോറും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം **04.06.2018** മുതൽ മാത്രമേ ലഭ്യമാകുകയുള്ളൂ. എന്നാൽ 2018-ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം മേൽ വെബ്സൈറ്റിൽ ഇപ്പോൾ ലഭ്യമാണ്. എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി മാർക്ക് സമർപ്പണത്തിനുള്ള സൗകര്യം 08.06.2018 വൈകുന്നേരം 5 മണി വരെ ലഭ്യമാകുന്നതാണ്.

Santhosh Kumar (signature)

തിരുവനന്തപുരം
01.06.2018

പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി